# കേരള സർക്കാർ

# 2009 - 2010

## ഡോ. ടി.എം. തോമസ് ഐസക്
## ധനകാര്യ മന്ത്രി

## 20 ഫെബ്രുവരി, 2009

**ഭാഗം ഒന്ന്**
**ബജറ്റ് പ്രസംഗം 2009-10**

.
.
.

9. സർ, സാമ്പത്തിക തന്ത്രത്തിലെ രണ്ടാമത്തെ അടിസ്ഥാനവശം തൊഴിലും വരുമാനവും ഉല്പാദനവും വർധിപ്പിക്കാനുതകുന്ന പൊതു നിക്ഷേപമാണ്.

   ശ. 10000 കോടി രൂപയുടെ മാന്ദ്യവിരുദ്ധ പാക്കേജ് പ്രഖ്യാപിക്കുന്നു. ഇത് ഇപ്പോൾ പ്രഖ്യാപിച്ച ക്ഷേമച്ചെലവുകൾക്കു പുറമെയാണ്. സർക്കാരും അർദ്ധസർക്കാർ സ്ഥാപനങ്ങളും നേരിട്ട് പശ്ചാത്തല സൗകര്യങ്ങളുടെ നിർമാണത്തിനു മുടക്കുന്ന പണവും വായ്പകളും മാത്രമേ ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. 2009-10ൽ പദ്ധതിയിലും പദ്ധതിക്ക് പുറത്തുമായി പുതുതായി ഭരണാനുമതി നൽകുന്ന 5000 കോടി രൂപയുടെ കുടിവെള്ള-ജലസേചന-മരാമത്ത് പണികളാണ് ഇതിൽ ഏറ്റവും പ്രധാനം. ഇ.എം.എസ്. പാർപ്പിട പദ്ധതി, സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ, വ്യവസായം- ഐ.ടി.- ടൂറിസം പ്രോത്സാഹന ഏജൻസികൾ, കെ.എഫ്.സി, റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ, ഭവനനിർമ്മാണ ബോർഡ് പോലുള്ള അർധസർക്കാർ സ്ഥാപനങ്ങളുടെ നേരിട്ടുള്ള മുതൽമുടക്കും ചേർത്ത് മറ്റൊരു 5000 കോടി രൂപയുടെ നിക്ഷപവുമുണ്ടാകും.

.
.
.

**ഭാഗം രണ്ട്**
**ഭക്ഷ്യസുരക്ഷാ പരിപാടി**

.
.
.

**നെൽകൃഷി**

16. കഴിഞ്ഞവർഷത്തിൽനിന്നും വ്യത്യസ്തമായി ഭക്ഷ്യസുരക്ഷാപരിപാടി എന്ന ബഡ്ജറ്റ് ഹെഡിൽ 64കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഊന്നൽ നെൽകൃഷിക്കുതന്നെയാണ്. വിത്തുമുതൽ സംഭരണംവരെ എല്ലാ ഘട്ടങ്ങളെയും പരിഗണിച്ചിട്ടുള്ള ഒരു പാക്കേജാണ് തയ്യാറാക്കിയിട്ടുള്ളത്. തരിശുഭൂമി കൃഷിയോഗ്യ മാക്കുന്നതിന് ദേശീയ തൊഴിലുറപ്പുപദ്ധതി, വിത്ത്, വളം, പമ്പിംഗ് തുടങ്ങിയവയ്ക്ക് സബ്സിഡികൾ, വായ്പയ്ക്ക് പലിശ സബ്സിഡി, ക്രോപ് ഇൻഷുറൻസ്, കേന്ദ്ര സർക്കാർ നിരക്കി നേക്കാൾ 2 രൂപ അധികം നൽകിക്കൊണ്ടുള്ള സംഭരണം തുടങ്ങിയവ അടങ്ങുന്നതാണ് ഈ പാക്കേജ്. നെൽകൃഷിക്കുള്ള വകയിരുത്തൽ 2008-09ൽ 20 കോടി രൂപയായിരുന്നത് 2009-10 ൽ 56 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. ഇതിനുപുറമെ രാഷ്ട്രീയ കൃഷിവികാസ് യോജനയിൽനിന്ന് 30 കോടി രൂപയെങ്കിലും അധികമായി ലഭിക്കും.

.
.
.

**നാളികേരം**

.
.
.

21. കേരഫെഡിനെ വിപുലീകരിക്കുകയും വൈവിധ്യവൽക്കരിക്കുകയും ചെയ്യും. ഇതിന്റെ ഭാഗമായി സർക്കാരിനു ലഭിക്കേണ്ട പലിശയായ 36.8 കോടി രൂപ എഴുതിത്തള്ളുന്നു. വായ്പയായ 25.9 കോടി രൂപ ഓഹരി മൂലധനമാക്കിമാറ്റുന്നു. കേരഫെഡ് തടി സംസ്കരണത്തിനുള്ള ഫാക്ടറി സ്ഥാപിക്കുന്നതാണ്. ഇതിനാവശ്യമായ വായ്പ കെ.എഫ്.സിയിൽനിന്ന് ലഭ്യമാക്കും.

.
.
.

**ഭാഗം മൂന്ന്**
**പരമ്പരാഗത വ്യവസായങ്ങളുടെ സംരക്ഷണം**

.
.
.

**കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ**

43. മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ ചെറുകിട-ഇടത്തരം വ്യവസായങ്ങളെ സംരക്ഷിക്കുന്നതിന് 500 കോടി രൂപയുടെ വായ്പാ പാക്കേജ് നടപ്പിലാക്കുന്നതാണ്. കെ.എഫ്.സി വഴിയായിരിക്കും ഇത് നടപ്പാക്കുക. കെ.എഫ്.സിക്ക് ഓഹരി വിഹിതമായി നൽകുന്നതിന് 2008-09 ലെ ഉപധനാഭ്യർത്ഥനയിൽ 130 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ഇതോടെ ഈ സർക്കാർ നിലവിൽവരുമ്പോൾ 40 ശതമാനത്തിനു മുകളിലായിരുന്നു ഈ സ്ഥാപനത്തിന്റെ നിഷ്ക്രിയ ആസ്തികൾ 10 ശതമാനത്തിൽതാഴെയാകും. ഇതുമൂലം പലിശകുറഞ്ഞ കമ്പോള വായ്പയിലൂടെ പണം സമാഹരിച്ച് വായ്പ നൽകുന്നതിന് കെ.എ ഫ്.സിക്ക് കഴിയും. ചെറുകിട-ഇടത്തരം വ്യവസായങ്ങൾക്കുള്ള സബ്സിഡികൾ കെ.എഫ്.സി വഴിയായിരിക്കും നൽകുക. ഇതോടെ കെ.എഫ്.സി സംസ്ഥാനത്തിലെ ഒരു നിർണായക വികസന ഏജൻസിയായി മാറും.

.
.
.

**ഭാഗം നാല്**
**ആധുനിക വളർച്ചാ മേഖലകൾ**

**വൻകിട വ്യവസായം**

47. പൊതുമേഖലയുടെ വിജയകരമായ പുനഃസംഘടനയാണ് ഈ സർക്കാരിന്റെ പ്രധാന നേട്ടങ്ങളിലൊന്ന്. 2005-06ൽ 12 പൊതുമേഖല കളാണ് ലാഭകരമായി പ്രവർത്തിച്ചതെങ്കിൽ 2008-09ൽ ഇവയുടെ എണ്ണം 32 ആയി ഉയരും. 70 കോടി രൂപ നഷ്ടമുണ്ടാക്കിയ സ്ഥാനത്ത് 100 കോടിയിൽപ്പരം രൂപ ലാഭമുണ്ടാകാൻ പോവുകയാ ണ്. പൊതുമേഖലയുടെ വിപുലീകരണത്തിന് ഒരു ഊർജ്ജിത പരി പാടി നടപ്പിലാക്കുകയാണ്. 883 കോടി രൂപയുടെ വിപുലീകരണ പരി പാടിക്കാണ് രൂപംനൽകിയിട്ടുള്ളത്. ബാങ്കുകളിൽനിന്ന് വായ്പ എടു ത്തുകൊണ്ടാണ് പുതിയ പ്രോജക്ടുകൾ നടപ്പാക്കുക. ഇതിലേക്ക് 180 കോടി രൂപയാണ് രണ്ടുവർഷംകൊണ്ട് സംസ്ഥാനസർക്കാർ ലഭ്യമാ ക്കേണ്ടത്. 50 കോടി രൂപ പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. 40 കോടി രൂപ മൃദുവായ്പയായി കെ.എഫ്.സിയിൽനിന്ന് ലഭ്യമാക്കും. കിർഫ് ബോർഡിന് തിരിച്ചടവിനുള്ള പണം ലഭ്യമല്ലാത്ത വ്യവസായ സ്ഥാപനങ്ങൾക്ക് കെ.എഫ്.സി. വഴി വായ്പ ലഭ്യമാക്കുന്നതാണ്.

.
.
.

56. പാപ്പിനിശേരിയിലെ കേരള ക്ലേസ് ആന്റ് സിറാമിക്സ് തുടർച്ചയായി ലാഭത്തിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനമാണ്. ഇതിന്റെ വിപുലീക രണ പ്രവർത്തനങ്ങൾക്കായി 10 കോടി രൂപ മൃദുവായ്പ കെ.എഫ്. സിയിൽനിന്ന് ലഭ്യമാക്കും.

.
.
.

**ഭാഗം ആറ്**
**സാമൂഹ്യ പശ്ചാത്തല സൗകര്യങ്ങൾ**

.
.
.

**ആയുഷ്**

118. ആയുർവേദത്തിനുള്ള അടങ്കൽ 5.5 കോടിയിൽനിന്ന് 10 കോടി രൂപയായി ഉയർത്തുന്നു. 20 കോടി രൂപകൂടി ദേശീയ ആരോഗ്യമിഷനിൽനിന്ന് ലഭ്യമാകും. ഹോമിയോപ്പതിക്ക് 12 കോടി രൂപയാണ് വകയിരുത്തൽ. ഹോംകോയുടെ 14.5 കോടി രൂപയുടെ വിപുലീകരണ പരിപാടിക്കുവേണ്ടി വായ്പയായി കെ.എഫ്.സി. 5 കോടി രൂപ ലഭ്യമാക്കും.

.
.
.

**ഭാഗം ഏഴ്**
**ക്ഷേമ പ്രവർത്തനങ്ങൾ**

.
.
.

**പ്രവാസി ക്ഷേമം**

144. കേരള സമ്പദ്ഘടനയുടെ സുസ്ഥിരതയിൽ നിർണായക സ്ഥാനമാണ് ഗൾഫ് മലയാളികൾക്കുള്ളത്. ആഗോളമാന്ദ്യം ഗൾഫ് സമ്പദ്ഘടനയേയും ഗ്രസിച്ചു കഴിഞ്ഞു. ഇതിന്റെ ഫലമായി ഗൾഫിൽ നിന്നുള്ള വരുമാനം 2009-10ൽ ഇടിയുകയും തൊഴിൽ നഷ്ടപ്പെട്ടവർ തിരിച്ചുവരികയും ചെയ്യും. കേന്ദ്രസർക്കാർ അവഗണനാ സമീപനമാണ് ഈ പ്രശ്നത്തോട് കൈക്കൊള്ളുന്നത്. ഗൾഫിൽനിന്നും തിരിച്ചുവരുന്നവരുടെ വിവരങ്ങൾ ശേഖരിക്കുന്നതിനുവേണ്ടി പ്രത്യേക രജിസ്ട്രേഷൻ സംവിധാനം ഏർപ്പെടുത്തുന്നതാണ്. രണ്ടുവർഷം പോലും ഗൾഫിൽ തൊഴിൽ എടുക്കാൻ കഴിയാതെ മാന്ദ്യത്തിന്റെ ഫലമായി തിരിച്ചുവരുന്നവർക്ക് ചെറിയ തോതിലെങ്കിലും ധനസഹായം നൽകുന്നതിനുവേണ്ടി പ്രവാസി ക്ഷേമനിധിയിലേക്ക് 10 കോടി രൂപ നൽകുകയാണ്. തിരിച്ചുവരുന്ന ഗൾഫ് മലയാളികൾക്ക് വ്യവസായ വാണിജ്യ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രത്യേക പാക്കേജിന് കെ.എഫ്.സി രൂപം നൽകുന്നതാണ്. ഇതിനായി 100 കോടി രൂപയുടെ വായ്പ ലഭ്യമാക്കും. ഗൾഫിൽ നിന്നും തിരിച്ചുവരുന്ന കുടുംബങ്ങളിലെ കുട്ടികളുടെ സ്കൂൾ പ്രവേശനം ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

.
.
.